# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.448

### 29-10-2019 ൽ മറുപടിക്ക്

### കിഫ്ബി പദ്ധതികൾ പരിശോധിക്കാൻ സ്വകാര്യ കൺസൾട്ടിംഗ് ഏജൻസി

| ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ. ടി.എ.അഹമ്മദ് കബീർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബി പദ്ധതികൾ പരിശോധിച്ച് വിലയിരുത്തുന്നതിന് സ്വകാര്യ കൺസൾട്ടിംഗ് ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | കിഫ്ബിയിൽ പദ്ധതികളുടെ അവലോകനത്തിന്റെ ചുമതല പ്രോജക്ട് അപ്രൈസൽ വിഭാഗത്തിനാണ്. ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ ബാഹുല്യവും, അവയുടെ വൈവിധ്യവും കാരണം ഈ സംവിധാനം മാത്രം പര്യാപ്തമല്ല. ഈ സാഹചര്യത്തിലാണ് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പമെന്റിനെ (സി.എം.ഡി) സേവനം കൂടി ലഭ്യമാക്കുവാൻ തീരുമാനിച്ചത്. പദ്ധതികളുടെ അവലോകനത്തിനും മറ്റ് സാങ്കേതിക കാര്യങ്ങളിൽ കിഫ്ബിയെ സഹായിക്കുവാനുമാണ് ഈ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ സ്ഥാപനത്തിലെ സാങ്കേതിക വിദഗ്ദരുടെ സേവനത്തിനു പുറമെ കിഫ്ബി പദ്ധതികളുടെ നിലവാരത്തിനുതകുന്ന രീതിയിലുള്ള മറ്റു കൺസൾട്ടന്റുമാരുടെ സേവനങ്ങളും സി.എം.ഡി പ്രയോജനപ്പെടുത്തുന്നു. ഇത്തരത്തിലുള്ള സേവനങ്ങൾ ഒരു സുതാര്യ പ്രക്രിയയിലൂടെയാണ് ഏറ്റെടുത്തിരിക്കുന്നത് എന്ന് സി.എം.ഡി വ്യക്തമാക്കിയിട്ടുണ്ട്.<br><br>സമർപ്പിക്കപ്പെടുന്ന പദ്ധതികൾ എല്ലാം തന്നെ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം, സി.എം.ഡി, |
| (ബി) പ്രസ്തുത കമ്പനിക്ക് പ്രവർത്തന പരിചയം ഇല്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | |

| | |
|---|---|
| | അവർ നിശ്ചയിക്കുന്ന വിദഗ്ദരുടെ പാനൽ എന്നിങ്ങനെ മൂന്നു ഘട്ടങ്ങളിലായുള്ള അവലോകനത്തിന് വിധേയമാകുന്നു. പദ്ധതികളുടെ യോഗ്യത നിർണ്ണയം കുറ്റമറ്റതാക്കുവാനും കിഫ്ബിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പു വരുത്തുവാനുമാണ് ഈ ക്രമീകരണങ്ങൾ. ഇങ്ങനെ വിവിധ തരത്തിലുള്ള വിദഗ്ധ പരിശോധനക്ക് ശേഷമാണ് പദ്ധതികൾ ബോർഡിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്നത്. |
| (സി) ഇവരുടെ പരിശോധനാഫലമായി എന്തെങ്കിലും നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | നാളിതുവരെയുള്ള പരിശോധനയുടെ ഫലമായി അടങ്കൽ തുകയിൽ വന്ന കുറവ് കണക്കാക്കുമ്പോൾ കിഫ്ബിക്ക് 3402.9 കോടി രൂപയുടെ നേട്ടം ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

**ജോയിന്റ് സെക്രട്ടറി**

Annexure

| Sl.No | Department | Count | Sum of DPR Cost (In Cr.) | Sum of Rec. Cost (In Cr.) | Savings |
|---|---|---|---|---|---|
| 1 | Agriculture | 1 | 25 | 14 | 10.8 |
| 2 | Coastal and Inland navigation | 1 | 567 | 567 | 0.0 |
| 3 | Culture Affairs | 8 | 228 | 194 | 34.1 |
| 4 | DeVasom | 1 | 150 | 142 | 8.3 |
| 5 | Fisheries & Ports | 4 | 341 | 212 | 129.2 |
| 6 | Forests | 3 | 426 | 343 | 83.2 |
| 7 | General Education | 64 | 1687 | 1360 | 327.0 |
| 8 | Health | 22 | 2128 | 1759 | 369.2 |
| 9 | Higher Education | 26 | 662 | 584 | 78.2 |
| 10 | Home | 1 | 56 | 50 | 6.1 |
| 11 | Industrial | 1 | 416 | 301 | 114.8 |
| 12 | Irrigation | 8 | 195 | 200 | -5.3 |
| 13 | IT | 1 | 1028 | 823 | 204.7 |
| 14 | LSGD | 3 | 34 | 32 | 2.7 |
| 15 | PWD | 253 | 12231 | 10774 | 1457.2 |
| 16 | Registration | 6 | 104 | 92 | 12.0 |
| 17 | Revenue | 2 | 46 | 33 | 13.5 |
| 18 | SCSTDD | 9 | 210 | 174 | 35.2 |
| 19 | Sports | 34 | 836 | 723 | 113.5 |
| 20 | Tourism | 3 | 133 | 70 | 62.6 |
| 21 | Transportation | 3 | 477 | 468 | 9.4 |
| 22 | Water Resources | 43 | 2394 | 2383 | 11.1 |
| 23 | Industrial Training | 5 | 229 | 82 | 146.4 |
| 24 | Power | 11 | 1955 | 1774 | 181.4 |
| 25 | WRD | 6 | 945 | 948 | -2.3 |
| | **Grand Total** | **519** | **27505** | **24102** | **3402.9** |

P.A. [signature]

ജോയിന്റ് സെക്രട്ടറി